പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3581 25.06.2013-ൽ മറുപടിയ്ക്ക്

## മഴക്കുറവു മൂലം വൈദ്യുതി ഉൽപാദനത്തിലുണ്ടായ നഷ്ടം.

ചോദ്യം

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. ബെന്നി ബഹനാൻ :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. എം. എ. വാഹീദ് :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) കേരളത്തിലെ ജല സംഭരണികളിൽ മഴ ലഭിക്കാത്തതു കാരണം 2012-2013 വർഷത്തിൽ സംസ്ഥാന വൈദ്യുതി ബോർഡിന് എത്ര ലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഉൽപാദനത്തിൽ കുറവു വന്നത് ; | (എ) 2012-13-ൽ 2144.20 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ കുറവ് ഉൽപ്പാദനത്തിൽ ഉണ്ടായിട്ടുണ്ട്. ഇതു കൂടാതെ, ടി കാലയളവിൽ കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ലഭ്യതയിൽ 946 ദശ ലക്ഷം യൂണിറ്റിന്റെ കുറവും, സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യകതയിൽ 613.5 ദശലക്ഷം യൂണിറ്റിന്റെ വർദ്ധനവും രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഈ കുറവ് നികത്തുന്നതിന് പുറമേ നിന്ന് എത്ര ലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഈ കാലയളവിൽ വാങ്ങി വിതരണം ചെയ്തത് ; | (ബി) സംസ്ഥാനത്തിന് പുറമേ നിന്നുള്ള വൈദ്യുത വ്യാപാരികളിൽ നിന്ന് 2449 ദശലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി വാങ്ങുകയും ദ്രവ ഇന്ധന നിലയങ്ങളിൽ നിന്ന് 944 ദശലക്ഷം യൂണിറ്റ് കൂടുതലായി ഉൽപ്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കുവാൻ വേണ്ടി ഈ ഇനത്തിൽ വൈദ്യുതി ബോർഡിന് എത്ര തുകയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് ? | (സി) മേൽപ്പറഞ്ഞ നടപടികൾ വഴി, 2012-13-ൽ, വൈദ്യുതി വാങ്ങിയ വകയിൽ 2517.80 കോടി രൂപ അധികമായി ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.